# ഇസ്‌ലാമിക രാഷ്ട്രം

ഇസ്‌ലാം ആരാധനയിലേക്ക് മാത്രം ക്ഷണിക്കുന്ന മതമല്ല. സത്യത്തിന്റെയും നീതിയുടെയും അടിത്തറയിൽ ജീവിത മണ്ഡലങ്ങളെ എങ്ങനെ സംവിധാനം ചെയ്യണമെന്ന് കൂടി അത് വിവരിക്കുന്നുണ്ട്.

സാമൂഹികജീവിതത്തിന്റെ ക്രമീകരണത്തിനും സംസ്കരണത്തിനും മനുഷ്യൻ സംവിധാനം ചെയ്ത സ്ഥാപനങ്ങളിൽ ഏറ്റവും സുപ്രധാനമാണ് രാഷ്ട്രം. മനുഷ്യന്റെ പരസ്പര വ്യവഹാരങ്ങൾ ചിട്ടപ്പെടുത്താൻ നിയമവും നിയമനിർമാണ സ്ഥാപനങ്ങളും അനിവാര്യമാണ്. സാമൂഹിക ബന്ധങ്ങളുടെയും സാമ്പത്തിക ക്രയവിക്രയങ്ങളുടെയും നാഗരിക വ്യവഹാരങ്ങളുടെയും അസ്തിവാരത്തെ ഭദ്രമായി നിലനിർത്തുന്നതും പരിപാലിക്കുന്നതും രാഷ്ട്രമാണ്.

രാഷ്ട്രത്തിന്റെ നിലനില്പിലും ആരോഗ്യകരമായ വളർച്ചയിലും, ജനതയുടെ ധർമബോധത്തിനും നീതി സങ്കല്പത്തിനും നിസ്സാരമല്ലാത്ത പങ്കുണ്ട്. രാഷ്ട്രീയ സംവിധാനത്തിന്റെ അച്ചുതണ്ടാണ് നീതി. രാഷ്ട്രം സാമൂഹികനയങ്ങൾ ആവിഷ്കരിക്കുകയും സാമ്പത്തിക ബന്ധങ്ങൾ ക്രമീകരിക്കുകയും ചെയ്യുമ്പോൾ അതിന്റെ ലക്ഷ്യം നീതി നിർവഹണമായിരിക്കേണ്ടതുണ്ട്. നിയമനിർമാണവും നിയമഭേദഗതിയും നീതിയുടെ തത്ത്വങ്ങളോട് പൊരുത്തപ്പെടുന്ന രൂപത്തിലായിരിക്കണം. ഭരണകൂടവും നിയമവും ജനങ്ങളുടെ ധർമബോധത്തോടും സാമൂഹിക മനഃസാക്ഷിയോടും പൊരുത്തപ്പെടുന്നതിനെ ആസ്പദിച്ചാണ് രാഷ്ട്രത്തിന്റെ ക്ഷേമപൂർണമായ ഭദ്രതയും വളർച്ചയുമെന്ന് ചുരുക്കം.

ധർമവും രാഷ്ട്രീയവും തമ്മിലുള്ള ഈ സഹജബന്ധത്തെ ഇസ്‌ലാം ഒരു മൗലിക യാഥാർഥ്യം എന്ന നിലയിലാണ് പരിഗണിക്കുന്നത്. ഇസ്‌ലാമിന്റെ വിശ്വാസപരവും കർമപരവുമായ വ്യവസ്ഥയിൽ മതവും രാഷ്ട്രവും രണ്ടാണെന്ന സങ്കല്പത്തിനു സ്ഥാനമില്ല. നീതിനിർവഹണമാണ് രാഷ്ട്രത്തിന്റെ ലക്ഷ്യം. നീതിയുടെയും ധാർമിക ചട്ടങ്ങളുടെയും അടിസ്ഥാനങ്ങൾ പ്രദാനം ചെയ്യുക എന്നത് മതത്തിന്റെ ധർമമത്രെ.

''സുവ്യക്തമായ പ്രമാണങ്ങളുമായി പ്രവാചകന്മാരെ നാം നിയോഗിച്ചു. അവർക്ക് വേദവും തുലാസും ഇറക്കിക്കൊടുത്തു- ജനങ്ങൾ നീതിയിൽ നിലനില്ക്കാൻ വേണ്ടി. ഇരുമ്പും നാം ഇറക്കി. അതിൽ അപാര ശക്തിയും ജനങ്ങൾക്ക് അനേകം പ്രയോജനങ്ങളുമുണ്ട്. തന്നെയും തന്റെ ദൂതന്മാരെയും പരോക്ഷമായി സഹായിക്കുന്നവരെ അല്ലാഹുവിന്ന് അറിയാൻ വേണ്ടി കൂടിയാണിത്.''(ഖുർആൻ 57: 25)

മേൽ സൂക്തത്തിൽ വേദത്തോടൊപ്പം തുലാസും എടുത്തുപറഞ്ഞിട്ടുള്ളത് ശ്രദ്ധേയമാണ്. എല്ലാ പ്രവാചകന്മാരുടെയും നിയോഗലക്ഷ്യം സാമൂഹിക നീതിയുടെ സംസ്ഥാപനം കൂടിയായിരുന്നുവെന്ന് ഇത് വ്യക്തമാക്കുന്നു. സൂക്തത്തിൽ പരാമൃഷ്ടമായ ഇരുമ്പിനെ രാഷ്ട്രീയാധികാരശക്തിയെന്ന് വ്യാഖ്യാനിച്ച പണ്ഡിതന്മാരുമുണ്ട്. നീതി നിർവഹണത്തിനു രാഷ്ട്രീയാധികാരത്തിന്റെ ആവശ്യകതയിലേക്ക് ഇത് വിരൽ ചൂണ്ടുന്നു. രാഷ്ട്രീയാധികാരത്തിന്റെ പ്രാധാന്യം വിളംബരം ചെയ്യുന്ന നിരവധി സൂക്തങ്ങൾ ഖുർആനിലുണ്ട്.

''ആർ അല്ലാഹു അവതരിപ്പിച്ച നിയമങ്ങളനുസരിച്ചു വിധിക്കുന്നില്ലയോ അവരത്രെ അക്രമികൾ... അവരത്രെ അധർമികൾ''(ഖു. 5: 45, 47).

''അല്ലാഹുവിനല്ലാതെ അധികാരാവകാശമില്ല.'' (12: 40)

''അറിയുക, സൃഷ്ടിപ്പും ശാസനാധികാരവും അവന്നു മാത്രമുള്ളതാകുന്നു.''(7: 54)

''പ്രവാചകരേ പറയുക: സത്യകവാടത്തിലൂടെ അകത്തു കടക്കാനും സത്യകവാടത്തിലൂടെ അതിനു പുറത്തുകടക്കാനും എനിക്ക് ഉതവി നല്കേണമേ! നിങ്കൽനിന്നുള്ള അധികാരത്തിന്റെ തുണ എനിക്ക് കനിയുകയും ചെയ്യേണമേ''(17: 80).

പ്രവാചകന്റെ മദീനഃ പലായനത്തോടനുബന്ധിച്ചു അവതരിച്ചതാണ് തൊട്ടു മുകളിലുദ്ധരിച്ച ഖുർആനിലെ പ്രാർഥനാവചനം. പ്രവാചകന്റെ ദൗത്യ നിർവഹണത്തിൽ രാഷ്ട്രീയ ശക്തിക്കുള്ള പ്രസക്തിയിലേക്കത് വെളിച്ചം വീശുന്നു. ഹ്സനുൽ ബസ്വരി, ഇബ്നുജരീർ, ഇബ്നുകഥീർ തുടങ്ങിയ പ്രാമാണിക പണ്ഡിതന്മാർ ഈ സൂക്തത്തിനു നല്കിയിട്ടുള്ള വ്യാഖ്യാനവും ഇതുതന്നെയാണ്. ''ഖുർആൻകൊണ്ടു പ്രതിരോധിക്കാൻ കഴിയാതെ വന്നത് അല്ലാഹു അധികാരംകൊണ്ടു പ്രതിരോധിക്കുന്നു'' എന്ന പ്രവാചകശിഷ്യൻ ഹ്ഃ ഉ്ഥ്മാന്റെ വാക്കുകളും ഈ വ്യാഖ്യാനത്തിന് പിൻബലമേകുന്നു. സാമൂഹിക നീതിയിലധിഷ്ഠിതമായ രാഷ്ട്രകൂടത്തിന്റെ സ്ഥാപനവും നടത്തിപ്പും കൂടി പ്രവാചകന്മാരുടെ ദൗത്യത്തിന്റെ ഭാഗമായിരുന്നു. യൂസുഫ്, ദാവൂദ്, സുലൈമാൻ തുടങ്ങി വ്യവസ്ഥാപിതമായ ഇസ്‌ലാമിക രാഷ്ട്രം കെട്ടിപ്പടുക്കുകയും മാതൃകാപരമായി അത് പരിരക്ഷിക്കുകയും ചെയ്ത പ്രവാചകന്മാരെ ഖുർആൻ പരിചയപ്പെടുത്തിയിട്ടുള്ളതായി കാണാം. മുഹ്മ്മദ്നബിയുടെ ജീവിതത്തിലാകട്ടെ ഇത് സുതരാം വ്യക്തവുമാണ്. ഇസ്‌ലാമികാടിസ്ഥാനത്തിലുള്ള രാഷ്ട്ര സംസ്ഥാപനം മുസ്‌ലിംകളുടെ ബാധ്യതയാണെന്ന വിഷയത്തിൽ അഹ്ലുസ്സുന്നഃ, ശീഅഃ, മുർജിഅഃ, ഖ്വാരിജ് എന്നീ അവാന്തര വിഭാഗങ്ങളിലൊന്നും അഭിപ്രായാന്തരമില്ലെന്ന് പൂർവികരായ പണ്ഡിതന്മാർ പ്ര സ്താവിച്ചിട്ടുണ്ട്. *അൽഫിസ്വലു ഫിൽമിലലി വൽ അഹ്വാഇ വന്നിഹ്ലിൽ* ഇമാം ഇബ്നുഹ്സ്മും *അസ്സിയാസതുശ്ശർഇയ്യഃ*യിൽ ഇമാം ഇബ്നുതൈമിയ്യഃയും *അഹ്കാമുൽ ഖുർആനിൽ* ഇമാം ഖുർത്വുബിയും *ഇസ്വാലതുൽ ഖ്വഫായിൽ* ഷാ വലിയ്യുല്ലാഹിദ്ദഹ്ലവിയും ഈ വസ്തുത വിശദീകരിക്കുന്നുണ്ട്. അബുൽഹ്സനിൽ മാവർദി(മ. 1058)യുടെ *അൽഅഹ്കാമുസ്സുൽത്വാനിയ്യഃ*, ഫാറാബി(മ. 950)യുടെ *ആറാഉ അഹ്ലിൽ മദീനതിൽ ഫാദ്വിലഃ*, *അസ്സിയാസതുൽ മദനിയ്യഃ*, ഇബ്നുൽ ഖയ്യിമി(മ. 1350)ന്റെ *അത്ത്വുറുഖുൽ ഹുക്മിയ്യഃ*, ഇബ്നുതൈമിയ്യഃയുടെ *ഹുഖൂഖുർറാഇൗ വർറഇയ്യഃ* തുടങ്ങി രാജനീതിപരമായ വിഷയത്തിൽ പൂർവിക മുസ്‌ലിം പണ്ഡിതന്മാരുടേതായി ഒട്ടനവധി കൃതികളുണ്ട്.

മുസ്‌ലിം ലോകത്ത് യൂറോപ്യൻ സെക്യുലർ ചിന്താഗതിയുടെ പ്രഭാവം ശക്തിപ്പെട്ടപ്പോഴാണ് മതത്തിൽനിന്ന് രാഷ്ട്രീയത്തെ വേർപ്പെടുത്തുന്ന പ്രവണതയ്ക്ക് തുടക്കം കുറിക്കുന്നത്. സിറിയൻ എഴുത്തുകാരനായ അബ്ദുൽ ഹ്മീദിസ്സഹ്റാവി(1895–1971)യുടെ എഴുത്തുകളിൽ ഇതിന്റെ സൂചനകൾ ദൃശ്യമാണെങ്കിലും ഈജിപ്തിലെ ഏറ്റവും പുരാതനമായ മതസർവകലാശാല-അൽഅസ്ഹർ-യിൽനിന്ന് ബിരുദമെടുത്ത അലി അബ്ദുർറാസിഖ് (1888–1966) ആണ് ആധുനിക കാലത്ത് ആദ്യമായി ശക്തവും വ്യക്തവുമായ ശൈലിയിൽ ഈ വാദം മുന്നോട്ടു വച്ചത്. 1925-ൽ ഈ വിഷയം പ്രതിപാദിച്ചുകൊണ്ട് പുറത്തിറങ്ങിയ അദ്ദേഹത്തിന്റെ *അൽഇസ്‌ലാം വ ഉസ്വൂലുൽ ഹുക്മ്* (ഇസ്‌ലാമും ഭരണ തത്ത്വങ്ങളും) എന്ന കൃതി അക്കാലത്ത് വമ്പിച്ച കോളിളക്കം സൃഷ്ടിക്കുകയുണ്ടായി. റശീദ് രിദ്വാ(1815–1935)യെപ്പോലുള്ള പണ്ഡിത പ്രഗല്ഭന്മാരുടെ കഠിന വിമർശനത്തിന് പാത്രമായ ശൈഖ് അലി അബ്ദുർറാസിഖ് ഇതിന്റെ പേരിൽ അൽഅസ്ഹറിലെ പണ്ഡിത സഭയിൽനിന്ന് ബഹിഷ്കരിക്കപ്പെട്ടു. എന്നാൽ, ഇതേ കാലത്തുതന്നെ ജമാലുദ്ദീനിൽ അഫ്ഗാനി(1839–1897)യുടെയും ശിഷ്യൻ മുഹ്മ്മദ് അബ്ദു(1849–1905)വിന്റെയും പാൻ ഇസ്‌ലാമിസവും

അബ്ദുർറഹ്മാനിൽ കവാകിബി(1854–1902)യുടെ ഇസ്ലാമിക് ലീഗ് പ്രസ്ഥാനവും സയ്യിദ് റശീദ് രിദ്ദായുടെ ഖിലാഫത് പുനഃസ്ഥാപന പ്രസ്ഥാനവും രാഷ്ട്രീയ ഇസ്ലാമിന്റെ പ്രഭാവം വീണ്ടെടുക്കാനുള്ള സമാന്തര യത്നങ്ങളായി നിലനില്ക്കുന്നുണ്ടായിരുന്നു. എന്നാൽ ഇതിന്നൊരു സംഘടിത ഭാവം കൈവരുന്നത് ഈജിപ്തിൽ ഹസനുൽ ബന്നാ (1906–1949) രൂപീകരിച്ച അൽഇഖ്വാനുൽ മുസ്ലിമൂന്റെ (മുസ്ലിം ബ്രദർഹുഡ്)യും അവിഭക്ത ഇന്ത്യയിൽ സയ്യിദ് അബുൽഅഅ്ലാ മൗദൂദി (1903–1979) രൂപീകരിച്ച ജമാഅത്തെ ഇസ്ലാമിയുടെയും രംഗപ്രവേശത്തോടെയാണ്. ഇസ്ലാമിക രാഷ്ട്രമീമാംസയെ ആധുനിക സാഹചര്യങ്ങൾക്കനുസൃതമായി വികസിപ്പിക്കുകയും നൂതന സാങ്കേതിക പദാവലികളുടെ പശ്ചാത്തലത്തിൽ പുനർവ്യാഖ്യാനിക്കുകയും ചെയ്യുന്നതിൽ മൗദൂദിയുടെ സംഭാവനകൾ പ്രാതഃസ്മരണീയമത്രെ.

വിശ്വാസത്തിന്റെ ഭാഗമെന്ന നിലയിൽ ഫലത്തിൽ ഭരണകൂടത്തിന്റെ പ്രസക്തിയെ നിരാകരിക്കുന്ന ഒരു നിലപാട് ഇഥ്നാ അശരി ശീഇകളിലുമുണ്ടായിരുന്നു. 12 ഇമാമുകളടങ്ങിയ ഒരു പരമ്പരയിൽ പൂർവ നിശ്ചിതമാണ് ഭരണാധികാരം എന്നാകുന്നു ശീഈ പ്രമാണം. 12–ാം ഇമാം അപ്രത്യക്ഷമായതോടെ തങ്ങൾക്ക് പ്രതിബദ്ധതയുള്ള ഭരണകൂടവും അപ്രസക്തമായി എന്നും 'അപ്രത്യക്ഷനായ' ഇമാമിന്റെ പുനരാഗമനത്തിനു ശേഷം മാത്രമേ ശരിയായൊരു ഇസ്ലാമിക ഭരണക്രമത്തിനു സാധുതയുള്ളൂ എന്നും മുൻചൊന്ന പ്രമാണത്തിൽനിന്ന് ഇവർ സിദ്ധാന്തിക്കുന്നു. എന്നാൽ ഇറാനിലെ ഇസ്ലാമിക വിപ്ലവത്തിന്റെ പിതാവായ ഇമാം ഖുമൈനി (1902–1989) തന്റെ *ഹുകൂമതെ ഇസ്ലാമി* എന്ന കൃതിയിൽ ഈ വാദത്തെ ശീഈ പരിപ്രേക്ഷ്യത്തിലൂടെത്തന്നെ ശക്തമായി ഖണ്ഡിച്ചിട്ടുണ്ട്.